# അറിവിന്റെ അതിരില്ലായ്മയെക്കുറിച്ചുള്ള അറിവാണ് തിരിച്ചറിവ്

**ഡി. ബാബുപോൾ**

**അ**ൽഫോൺസ് കണ്ണന്താനം 2006-ൽ ഐ.എ.എസിൽ നിന്നും രാജിവെച്ച് രാഷ്ട്രീയത്തിലിറങ്ങിയ സമയം. ഒരു ചാനലിൽ അത് സംബന്ധിച്ച ചർച്ച നടക്കുകയാണ്. ഡോ. ഡി. ബാബുപോളും ചർച്ചയിൽ പങ്കെടുക്കുന്നുണ്ട്. പൊതുപ്രവർത്തന രംഗത്ത് രാഷ്ട്രീയക്കാരേക്കാൾ ശോഭിക്കുവാൻ ഐ.എ.എസുകാർക്ക് കഴിയുമോ എന്നുള്ള രീതിയിലാണ് ചർച്ചകൾ പുരോഗമിക്കുന്നത്. ബാബുപോൾ തന്റെ ഒരു അനുഭവം പറഞ്ഞുകൊണ്ടാണ് ചർച്ചയിൽ പുരോഗമിക്കുന്നത്. ബാബുപോൾ തന്റെ ഒരു അനുഭവം പറഞ്ഞുകൊണ്ടാണ് ചർച്ചയിൽ സജീവമായത്. അദ്ദേഹം സാംസ്ക്കാരിക വകുപ്പ് സെക്രട്ടറിയായിരുന്നപ്പോൾ വകുപ്പിൽ ഒരു പ്രൊപ്പോസൽ വന്നു. കനകക്കുന്ന് ചുറ്റുമോ മറ്റോ ആണെന്ന് തോന്നുന്നു 150 പ്രമുഖരുടെ സ്മാരകങ്ങൾ നിർമ്മിക്കുക എന്നതാണ് പദ്ധതിയുടെ ചുരുക്കം. ആ പ്രൊജക്ടിനെ സംബന്ധിച്ച് താനുൾപ്പെടെയുള്ള ഉദ്യോഗസ്ഥവൃന്ദം ചിന്തിച്ചത് ഈ 150 പേരെ എങ്ങനെ കണ്ടെത്തും എന്നുള്ളതാണ്. തെക്കൻ തിരുവിതാംകൂർ, മധ്യതിരുവിതാംകൂർ, വടക്കേ മലബാർ പ്രാതിനിധ്യം വേണം... സാമൂഹിക-സാംസ്ക്കാരിക-രാഷ്ട്രീയ പ്രാതിനിധ്യം വേണം... എന്നിങ്ങനെ പോയി ചിന്തകളും ചർച്ചകളും. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലമായിരുന്നു അത്. ഒരു മീറ്റിംഗിൽ കരുണാകരനോടൊപ്പം പങ്കെടുക്കുവാൻ ബാബുപോളിന് സാധിച്ചപ്പോൾ ഇടയ്ക്ക് കിട്ടിയ ചുരുങ്ങിയ സമയത്തിൽ പ്രോജക്ടിനെക്കുറിച്ച് കരുണാകരനോട് ചുരുക്കി വിവരിച്ചു. “സി. എമ്മിന്റെ അഭിപ്രായം എന്താണ്”. ബാബുപോൾ കരുണാകരനോട് ചോദിച്ചു. ഉടൻ വന്നു മറുപടി. സെമിത്തേരി പോലെയിരിക്കും. അതോടെ പദ്ധതിക്ക് ഫുൾസ്റ്റോപ്പായി. പൊതുപ്രവർത്തന രംഗത്ത് രാഷ്ട്രീയക്കാർക്കുള്ള കോമൺസെൻസ് ഐ.എ.എസ്സുകാർക്ക് ഉണ്ടാവണമെന്നില്ല എന്നത് ഭംഗിയായി ബാബുപോൾ ചർച്ചയിൽ അവതരിപ്പിച്ചു. അങ്ങനെയൊരു വിലയിരുത്തൽ നടത്താൻ ഡോ. ഡി. ബാബുപോളിന് മാത്രമേ സാധിക്കൂ. നെടുമ്പാശ്ശേരി വിമാനത്താവളത്തെ വി.ജെ. കുര്യന്റെ പേരിനോടും, കൊച്ചിൻ മെട്രോയെ ഇ. ശ്രീധരന്റെ പേരിനോടും ചേർത്ത് നമ്മൾ പറയുമ്പോൾ അതിനും എത്രയോ മുമ്പു തന്നെ ഏറ്റവും പ്രധാനപ്പെട്ട ഇടുക്കി ജലവൈദ്യുതപദ്ധതി തന്റെ പേരിനോട് കൂട്ടിക്കെട്ടാൻ ബാബുപോളിന് സാധിച്ചു. മുഖ്യമന്ത്രിയായിരുന്ന അച്യുതമേനോൻ ബാബുപോളിനോട് അന്ന് പറഞ്ഞത്. “എനിക്ക് വേണ്ടത് തലോടാനൊരു മുതുകും വെട്ടാനൊരു തലയുമാണ്. അതു രണ്ടും തന്നിലാണുള്ളത്.” അവസാനം അച്യുതമേനോൻ മുതുക് തലോടുക തന്നെയാണ് ചെയ്തത്. സാമൂഹ്യ സാംസ്ക്കാരിക ആത്മീയ മേഖലകളിൽ തന്റേതായ വീക്ഷണങ്ങൾ കൊണ്ട് വ്യത്യസ്തനായ ഡോ. ഡി. ബാബുപോൾ നമ്മോട് സംസാരിക്കുന്നു.

**? അങ്ങയും ജീവിതം സഫലമാണോ? തിരിഞ്ഞു നോക്കുമ്പോൾ എന്തു തോന്നുന്നു?**

- സഫലമാണോയെന്ന് ചോദിച്ചാൽ മോശമായില്ല എന്നു തന്നെ കരുതുന്നു. ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയും. അതിനുള്ള അവസരവും ലഭിച്ചു. കുറച്ചുകൂടി ഭംഗിയായി സമയവും ഊർജ്ജവും ക്രമീകരിച്ചിരുന്നെങ്കിൽ കുറച്ചുകൂടി കൂടുതൽ കാര്യങ്ങൾ ചെയ്യാമായിരുന്നോയെന്ന് ചോദിച്ചാൽ ചെയ്യാമായിരുന്നു എന്നുതന്നെ പറയേണ്ടിവരും. എങ്കിലും മറ്റനേകം ആളുകൾക്ക് ലഭിക്കാത്ത അവസരങ്ങളും മറ്റും എനിക്ക് ലഭിച്ചു. ഈശ്വരൻ തന്നു. പലതും യാദൃ

ശ്വികമായിരുന്നു. ഇപ്പോഴും എന്നെക്കുറിച്ച് സംസാരിക്കുമ്പോൾ ഞാൻ ചെയ്ത ഇടുക്കി പ്രോജക്ടിനെപ്പറ്റി പറയും. ഞാൻ അവിടുന്ന് പോയിട്ട് 40 കൊല്ലം കഴിഞ്ഞു. അതൊക്കെ ജീവിതത്തിൽ വളരെ തൃപ്തി നൽകുന്ന കാര്യങ്ങൾ തന്നെയാണ്. അതുകൊണ്ട് സഫലമായില്ലെന്ന് ഉറക്കെ പറഞ്ഞാൽ ഒരുപക്ഷേ അഹങ്കാരമാകാം. എങ്കിലും സഫലമായിയെന്നു തന്നെ പറയാം. തന്നാലാവുന്നതൊക്കെ ചെയ്തു എന്ന തൃപ്തി ഏതായാലും ഉണ്ട്.

**? അങ്ങ് നല്ലയൊരു പ്രഭാഷകനാണല്ലോ. അങ്ങേയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രഭാഷകനാരാണ്. എന്താണ് അതിന്റെ കാരണം?**

- ഞാൻ ഒരു പ്രഭാഷകനാകുമ്പോൾ എന്റെ ജോലി മറ്റുള്ളവരെ എന്റെ പ്രഭാഷണം ശ്രദ്ധിപ്പിക്കുക എന്നുള്ളതാണല്ലോ. ഒരു പ്രസംഗം പറയുന്നതാണ് പ്രസംഗം കേൾക്കുന്നതിനേക്കാൾ സുഖം. (ചിരിക്കുന്നു). എന്റെ അഭിപ്രായത്തിൽ കേരളത്തിലെ പ്രഭാഷകരിൽ ഒന്നാം സ്ഥാനത്തിനർഹൻ എൻ.കെ. സാനുവാണ്. അദ്ദേഹത്തിന് പബ്ലിക് റിലേഷനില്ല. അദ്ദേഹത്തെ പൊക്കാൻ ആളുമില്ല. പ്രസ്ഥാനവുമില്ല. അദ്ദേഹം വാസ്തവത്തിൽ അഴീക്കോട് മാഷിനേക്കാൾ മികച്ച പ്രഭാഷകനാണ്. എന്റെ സ്കൂൾ വിദ്യാഭ്യാസകാലത്തൊക്കെ മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ പ്രഭാഷണം കേട്ടിട്ടുണ്ട്. അതിങ്ങനെ സമതലത്തിൽ കൂടി ഒഴുകുന്ന നദി പോലെയാണ്. അതുകേട്ടുകൊണ്ടിരിക്കാൻ ഒരു സുഖമായിരുന്നു. വാക്കുകൾ തമ്മിൽ ഇടമുറിയാതെ... ഒരു തപ്പലുമില്ലാതെ... നീണ്ട വാക്യങ്ങളൊക്കെ ഒരു വ്യാകരണപ്പിശകുമില്ലാതെ ഇങ്ങനെയൊഴുകിയിരുന്നു. പിന്നെ അതുപോലെ വന്ന് സാനുമാസ്റ്ററാണെന്ന് ഞാൻ കരുതുന്നു. സാനുമാസ്റ്റർക്ക് വേണ്ടത്ര ഒരു ഇത് കിട്ടിയില്ല. അതുപോലെ, രാഷ്ട്രീയത്തിൽ ഒതുങ്ങിപ്പോയതുകൊണ്ട് ശ്രദ്ധിക്കാതെ പോയ രണ്ടുപേരാണ് പി.ടി. ചാക്കോയും പനമ്പിള്ളി ഗോവിന്ദമേനോനും. അവർ നന്നായി വായിക്കുന്നവരുമായിരുന്നു. സാഹിത്യമുൾപ്പെടെ സകലകാര്യങ്ങളെക്കുറിച്ചും അറിവുള്ളവരുമായിരുന്നു. അവസാനം സ്വൽപ്പം മദ്യപാനമൊക്കെയായെങ്കിലും കെ. ബാലകൃഷ്ണനും നല്ല പ്രഭാഷകനായിരുന്നു.

**? സുകുമാർ അഴീക്കോടിന്റെ പ്രഭാഷണത്തെക്കുറിച്ച് അങ്ങേയുടെ അഭിപ്രായം?**

- സത്യം പറഞ്ഞാൽ എനിക്ക് അത്ര അഭിപ്രായമില്ല. അത് നമ്മള് പറഞ്ഞാൽ ശോഭിക്കില്ല എന്നതുകൊണ്ട് പറയുന്നില്ല എന്നേയുള്ളൂ. സാനുമാസ്റ്ററൊക്കെ അഴീക്കോട് മാഷിനേക്കാളും മുകളിലാണ്. പക്ഷേ അഴീക്കോട് മാഷിന് പത്രക്കാരുടെയും, ഇടതുപക്ഷ പ്രസ്ഥാനക്കാരുടെയുമൊക്കെ ഒരു പിന്തുണയുണ്ടായിരുന്നു. അവരെല്ലാം അദ്ദേഹം പറയുന്നതൊക്കെ നന്നായി റിപ്പോർട്ട് ചെയ്ത് പൊലിപ്പിച്ചു. അദ്ദേഹം സത്യത്തിൽ ഇവിടുത്തെ അച്ചടിയന്ത്രങ്ങളുടെ ഒരു സൃഷ്ടിയായിരുന്നു. സാനുമാസ്റ്ററിന് അതിലും സോളിഡ് സ്റ്റഫുണ്ട്.

**? അങ്ങേയ്ക്ക് ഏറ്റവും പ്രിയപ്പെട്ട മുഖ്യമന്ത്രിയാരാണ്?**

- പ്രിയങ്കരൻ എന്ന് പറയുന്നതിൽ വലിയ കാര്യമില്ല. കാരണം മുഖ്യമന്ത്രിയെ നമ്മുടെ പ്രിയം വച്ചല്ലല്ലോ നിശ്ചയിക്കേണ്ടത്. പ്രായം വച്ച് പറയുകയാണെങ്കിൽ എനിക്ക് പ്രിയങ്കരൻ ഉമ്മൻചാണ്ടിയും പിണറായി വിജയനുമാണ്. മുതിർന്നവരെ പ്രിയങ്കരർ എന്ന വാക്ക് വെച്ച് വിലയിരു

ത്താൻ പറ്റില്ലല്ലോ. അച്യുതാനന്ദന് എന്നെക്കാൾ പത്ത് പതിനെട്ട് വയസ്സിന് മൂപ്പുണ്ട്. കരുണാകരൻ എന്റെ അച്ഛന്റെ സുഹൃത്താണ്. നായനാർക്കും കരുണാകരന്റെ പ്രായമായിരുന്നു. അച്യുതമേനോൻ എനിക്ക് മുമ്പുള്ള തലമുറയിൽപ്പെട്ട ആളാണ്. പട്ടംതാണുപിള്ള മുഖ്യമന്ത്രിയായിരുന്നപ്പോൾ എനിക്ക് കേവലം ആറു വയസ്സോ മറ്റോ ഉള്ളൂ. അതുകൊണ്ട് അവരെയൊന്നും പ്രിയങ്കരർ എന്ന് പറയാൻ പറ്റില്ല. കേരളം കണ്ട ഏറ്റവും പ്രഗത്ഭരായ രണ്ടു മുഖ്യമന്ത്രിമാരുടെ പേര് പറയുകയാണെങ്കിൽ അത് അച്യുതമേനോനും ഉമ്മൻചാണ്ടിയുമാണ്. ഉമ്മൻചാണ്ടിയെക്കുറിച്ച് ഇപ്പോൾ പറയുമ്പോൾ ഉമ്മൻചാണ്ടിയോ? എന്ന് ഒരുപക്ഷേ തോന്നാം. ഇരുപത് കൊല്ലം കഴിഞ്ഞാൽ അത് തോന്നില്ല. അച്യുതമേനോൻ ഭരിച്ചപ്പോൾ എന്തൊക്കെ വിവാദങ്ങളും ഗുലുമാലുകളും ഉണ്ടായിയെന്ന് ഇന്നത്തെ തലമുറ ഓർക്കാത്തതുകൊണ്ടാണ്. ഉമ്മൻചാണ്ടിക്ക് റിട്ട. ജഡ്ജിയെക്കൊണ്ടാണ് സോളാർ അന്വേഷിപ്പിക്കേണ്ടി വന്നത്. അച്യുതമേനോൻ സർക്കാരിനെക്കുറിച്ചും അഴിമതിയാരോപണങ്ങൾ ഉണ്ടായിരുന്നു. വ്യക്തിപരമായി അച്യുതമേനോന് എതിരല്ല. അതിപ്പോ ഉമ്മൻചാണ്ടിയെപ്പറ്റിയും വ്യക്തിപരമായല്ലല്ലോ. അദ്ദേഹത്തിന് വേണ്ടത്ര നിയന്ത്രണം പേഴ്സണൽ സ്റ്റാഫിന്റെ പുറത്തുണ്ടായില്ല എന്നതാണ് പ്രധാന വിഷയം. അല്ലാതെ അദ്ദേഹം എന്തെങ്കിലും വൃത്തികേട് കാണിച്ചു എന്നാരും പറയില്ല. അച്യുതമേനോന്റെ കാലത്തെ വിവാദങ്ങളൊന്നും ഇന്നാരും ഓർക്കാറില്ല. തട്ടിൽ എസ്റ്റേറ്റ് ഏറ്റെടുത്തപ്പോൾ സി.പി.ഐ. കാശു വാങ്ങിച്ചോ? സി.പി.ഐ. തമിഴ്നാട് ഘടകത്തിന്റെ സമ്മർദ്ദത്തിന് വഴങ്ങിയാണോ 1970-ൽ അച്യുതമേനോൻ തമിഴ്നാടുമായി വീണ്ടും മുല്ലപ്പെരിയാർ എഗ്രിമെന്റ് ഒപ്പിട്ടത്? എന്നൊന്നും ഇന്നാരും ചോദിക്കാറില്ല. അന്ന് അതൊക്കെ ധാരാളം ചർച്ച ചെയ്തതാണ്. ഇന്നിപ്പോൾ ഓർക്കുന്നത് ശ്രീ ചിത്രാ സെന്റർ, സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്, കെ.ഡബ്ല്യു.ആർ.ടി., കെ. എഫ്.ആർ.ഐ, ലക്ഷംവീട് പദ്ധതി, എല്ലാ പഞ്ചായത്തിലും ആയുർവ്വേദ, അലോപ്പതി, ഹോമിയോപ്പതി ആശുപത്രികൾ, ഓണത്തിന് ഒരുപറ നെല്ല് തുടങ്ങി ഒരുപിടി പദ്ധതികളാണ്. ഓരോ വകുപ്പിലും എന്തെങ്കിലുമൊക്കെ കാര്യങ്ങൾ കാര്യക്ഷമമായി നടന്നിരുന്നു. പ്രൈവറ്റ് ഫോറസ്റ്റ് നാഷണലൈസേഷൻ, കർഷകതൊഴിലാളികളുടെ മിനിമം കൂലി, ഇതൊക്കെ നാം ഇപ്പോൾ ഓർക്കുന്നു. എന്നുപറഞ്ഞതുപോലെ 20 കൊല്ലെ കഴിയുമ്പോൾ സരിതാ നായർ ഒരിക്കലും കടന്നുവരില്ല. അന്ന് പറയുന്നത് കൊച്ചിൻ മെട്രോ, കണ്ണൂർ വിമാനത്താവളം, സ്മാർട്ട്സിറ്റി, വിഴിഞ്ഞം പദ്ധതി, കാരുണ്യ ലോട്ടറി, ജനസമ്പർക്കം ഇതൊക്കെയായിരിക്കും. അതുകൊണ്ട് തന്നെയാണ് ഞാൻ പറയുന്നത് കേരളം കണ്ട മുഖ്യമന്ത്രിമാരിൽ ഇവര് രണ്ടുപേരും ചരിത്രത്തിൽ സ്ഥാനം പിടിക്കും. കണ്ടിടത്തോളം പിണറായി വിജയനും അതേ പാതയിൽ തന്നെയാണ്. അഞ്ചുകൊല്ലം ഭരണം കഴിയുമ്പോൾ അങ്ങനെ വിലയിരുത്താമെന്ന് ഞാൻ കരുതുന്നു. ഇപ്പോൾ പറയാൻ സമയായിട്ടില്ല.

**? ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി തിരിച്ചുവരുമെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ?**

• ഇനി അതിന് ഒരു സാധ്യതയും ഞാൻ കാണുന്നില്ല. കാരണം അദ്ദേഹമൊക്കെ എന്റെ തലമുറയാണല്ലോ. ഒന്നാമത് പ്രായം. അടുത്തയൊരു തിരഞ്ഞെടുപ്പ് വരുമ്പോൾ അദ്ദേഹത്തിന് 78-79 വയസ്സായിരിക്കും. അന്ന് അദ്ദേഹം ഒരുപക്ഷേ തിരഞ്ഞെടുപ്പിൽ മത്സരിക്കില്ലയെന്നാണ് എന്റെ വിശ്വാസം. ഗ്രൂപ്പിന്റെ ചില പ്രശ്നങ്ങളൊക്കെ ഇല്ലായിരുന്നെങ്കിൽ അദ്ദേഹം ഇത്ത

വണ തന്നെ മത്സരിക്കില്ലായിരുന്നു എന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അദ്ദേഹം അടുത്ത തവണ മത്സരിക്കാൻ ഒരുസാധ്യതയും ഞാൻ കാണുന്നില്ല. അതുകൊണ്ടിനി മുഖ്യമന്ത്രിയായി ഒരു തിരിച്ചുവരവ് ഉമ്മൻചാണ്ടിക്ക് ഉണ്ടാവില്ല എന്നാണ് എന്റെ വിലയിരുത്തൽ.

? **വേളൂർ കൃഷ്ണൻകുട്ടിയെ എങ്ങനെ വിലയിരുത്തുന്നു? അദ്ദേഹത്തിന്റെ നർമ്മം എങ്ങനെ കാണുന്നു?**

- അദ്ദേഹത്തിന്റെ നർമ്മം ഇഷ്ടമാണോയെന്ന് ചോദിക്കുന്നത് മനോരമയിലും മംഗളത്തിലും വരുന്ന നീണ്ട കഥകൾ ഇഷ്ടമാണോയെന്ന് ചോദിക്കുന്നതുപോലെയാണ്. അതിന് അതിന്റേതായ ഒരു രീതിയുണ്ട്. ഞാനും വേളൂർകൃഷ്ണൻകുട്ടിയും തമ്മിൽ നല്ല വ്യക്തിബന്ധമുണ്ടായിരുന്നു. അദ്ദേഹം എന്റെയൊരു ഹാസ്യലേഖന സമാഹാരത്തിന് അവതാരികയും എഴുതിയിരുന്നു. പക്ഷേ എനിക്ക് ഇവരാരെയും അത്ര പിടിക്കില്ല. എനിക്കിഷ്ടപ്പെട്ടത് ഇ.വി. കൃഷ്ണപിള്ളയെയാണ്. ഞാനിപ്പോഴും ആറുമാസത്തിലൊരിക്കൽ അദ്ദേഹത്തിന്റെ എന്തെങ്കിലുമൊന്ന് വായിച്ചിരിക്കും. ഒരുപക്ഷേ ഞാൻ ജനിക്കുന്നതിന് മുമ്പോ അല്ലെങ്കിൽ എന്റെ ബാല്യകാലത്തോ മറ്റോ അദ്ദേഹം മരിച്ചു. പക്ഷേ എന്തൊരു സെൻസ് ഓഫ് ഹ്യൂമറാണ് അദ്ദേഹത്തിന്. കവിയുടെ ക്രാന്തദർശിത്വം എന്നൊക്കെ പറയുന്നതുപോലെ. ഈ ടേപ്പ് റിക്കാർഡറും, വയർലെസ് ട്രാൻസ്മിഷനുമൊക്കെ ഉണ്ടാകുന്നതിന് മുമ്പ് അദ്ദേഹം എം.എൽ.എ. ക്വാർട്ടേഴ്സിൽ പ്രസംഗമുണ്ടാക്കി, പ്രസംഗിക്കാൻ അറിയാത്ത എം.എൽ.എ. മാരുടെ പോക്കറ്റിലേക്ക് യന്ത്രം തിരുകി വച്ച്, അവിടെ സമയമാകുമ്പോൾ, ഇവിടെയറിയിക്കാനും, ഇവിടെ സമയമാകുമ്പോൾ സ്വിച്ചിട്ടാൽ ഈ പ്രസംഗം അവിടെ കേൾപ്പിക്കുവാനും ഒക്കെയുള്ള കാലത്തെ അതിജീവിച്ച ആശയങ്ങൾ, അദ്ദേഹത്തിനുണ്ടായിരുന്നു. പിന്നെ നല്ല നർമ്മവും. ആ കവിതക്കേസ് ഒക്കെ വായിച്ചാൽ ആരാണ് ചിരിക്കാത്തത്? അതുകൊണ്ട് ഇ.വി. കൃഷ്ണപിള്ളയുടെയും കുഞ്ചൻനമ്പ്യാരുടെയുമൊക്കെ ലെവലിൽ കുറഞ്ഞൊരു ഫലിതം നമുക്ക് മാർക്കിടാൻ പ്രയാസമാണ്. പലരും 'ഇനി ഞാനൊരു തമാശ പറയട്ടെ' എന്ന മട്ടിലല്ലേ പറയുന്നത്.

? **നർമ്മബോധം താങ്കളെ അപകടത്തിലെത്തിച്ച എന്തെങ്കിലും സന്ദർഭമോർക്കുന്നുണ്ടോ?**

- അങ്ങനെയൊന്നും ഓർമ്മയില്ല. പക്ഷെ അപകടം ഉണ്ടായിട്ടുണ്ടോയെന്നു ചോദിച്ചാൽ ഉണ്ടുതാനും. പറയാനുള്ള രസത്തിന് ചിലപ്പോൾ പെട്ടെന്ന് വല്ലതും പറയും. ഒരുപക്ഷേ അത് ഒരു 75 വയസ്സുകാരൻ പറയേണ്ടാത്തതായിരിക്കും. പണ്ട് എ.എൽ.ജേക്കബ് മന്ത്രിയായി വന്നകാലത്തെ ഒരു സംഭവം ഞാൻ എഴുതിയിട്ടുണ്ട്. പട്ടം മുതൽ ഉമ്മൻചാണ്ടി വരെ എന്ന പുസ്തകത്തിൽ. അതിൽ തൂപ്പുകാരിയോടുള്ള അദ്ദേഹത്തിന്റെ ചില ഡയലോഗുകളുണ്ടായിരുന്നു. കഴിഞ്ഞദിവസം ഒരാൾ എ.എൽ. ജേക്കബ് അനുസ്മരണയോഗത്തിന് മുമ്പ് എന്നോട് പറഞ്ഞു. 'പണ്ട് പുസ്തകത്തിൽ എഴുതിയതൊന്നും പറഞ്ഞേക്കല്ല്. മനുഷ്യർ ചിരിക്കുമായിരിക്കും. വയസ്സ് 75 ആയി എന്നോർമ്മ വേണം.' അങ്ങനെയൊക്കെ ചില അബദ്ധങ്ങൾ പറ്റിയിട്ടുണ്ട്. അത്രമാത്രം.

? **അങ്ങയുടെ ദിനചര്യ എങ്ങനെയാണ്?**

- പണ്ടൊക്കെ മൂന്നുമണിക്ക് എഴുന്നേല്ക്കുമായിരുന്നു. ഇപ്പോൾ നാലു നാലരയാകുമ്പോൾ

എഴുന്നേല്ക്കും. ആറുമണി വരെയുള്ള സമയം ഈശ്വരവിചാരമാണ്. അല്പസമയം ബൈബിൾ വായിക്കും. ഗീതയിലെ ഒരു ശ്ലോകം പഠിക്കും. അതിന്റെയൊക്കെ വ്യാഖ്യാനങ്ങൾ പഠിക്കും. ആറുമണിയാകുമ്പോൾ പത്രം വരും. പത്രപാരായണവും പ്രഭാതകൃത്യങ്ങളും ഭക്ഷണവുമൊക്കെയായി പത്തുപത്തര വരെയങ്ങ് പോകും. പത്തര മുതൽ ഒന്നര വരെ ജോലിയാണ്. ലേഖനങ്ങൾ, എഴുത്ത്, വായന തുടങ്ങിയ കാര്യങ്ങൾ. ചില അപ്പോയ്മെന്റുകളും കാണും. ഉച്ചക്ക് ഊണു കഴിഞ്ഞ് ഒന്നു രണ്ടു മണിക്കൂർ ഉറങ്ങും. വിശ്രമം ഒക്കെ കഴിഞ്ഞ് വൈകുന്നേരം ചിലപ്പോൾ പ്രസംഗം തുടങ്ങി പരിപാടികൾ കാണും. അല്ലെങ്കിൽ വീണ്ടും എഴുത്തും വായനയുമൊക്കെത്തന്നെ. ഒമ്പത് മണിക്ക് ടി. വി. കാണും. വാർത്ത, തിരുവാ എതിർവാ, ചിത്രം വിചിത്രം, വക്രദൃഷ്ടി തുടങ്ങിയവയൊക്കെ മാറിമാറിക്കാണും. പത്തുമണിക്കത്തെ മാതൃഭൂമി വാർത്ത കണ്ട് ഭക്ഷണം കഴിച്ച് ദിവസം അവസാനിപ്പിക്കും.

? **ഏകാന്തത അനുഭവപ്പെടാറുണ്ടോ? അതിനെ എങ്ങനെ കാണുന്നു?**

• സത്യത്തിൽ ഏകാന്തതയില്ല. ഒരുപാട് സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളുമൊക്കെയുണ്ട് വിദേശത്തും സ്വദേശത്തുമൊക്കെയായി. അവരൊക്കെ നാട്ടിൽ വരുമ്പോൾ കാണാൻ വരും. സംസാരിക്കും. ഈ സമൂഹമാണ് എന്നെ കൊണ്ടുനടക്കുന്നത്. 2017-ലെ സാറ്റിസ്റ്റിക്സ് അനുസരിച്ച് നോക്കിയാൽ മുപ്പിയേഴര മണിക്കൂറിൽ ഞാനൊരു പ്രസംഗം പറയും (ചിരിക്കുന്നു). അതുകൊണ്ട് ഏകാന്തത ഒരു പ്രശ്നമല്ല.

? **ഒറ്റയ്ക്കിരുന്ന് പണ്ടത്തെ കാര്യങ്ങളൊക്കെ ആലോചിക്കുമ്പോൾ എന്തെങ്കിലും പശ്ചാത്താപം തോന്നാറുണ്ടോ?**

• പശ്ചാത്താപവും മറ്റും തോന്നാത്ത മനുഷ്യൻ മനുഷ്യനല്ലല്ലോ. പക്ഷെ അതിന്റെ അർത്ഥശൂന്യതയെക്കുറിച്ച് അപ്പോൾ തന്നെ ചിന്തിക്കും. അത് ദൈവം തരുന്ന വിവേകത്തിന്റെ ലക്ഷണമാണ്. ഇനി അതിനെക്കുറിച്ച് ആലോചിക്കേണ്ട കാര്യമില്ല. Past is Past എന്ന ഒരു ബോധ്യത്തിലേക്ക് വരുമ്പോൾ അത് ശരിയാകും.

? **ബി.ജെ.പി.യുമായി സഹകരിച്ച് പോകാൻ ഒരിക്കൽ തയ്യാറായിരുന്നല്ലോ? പിന്നീടത് വേണ്ടെന്ന് വച്ചോ? കാരണമെന്താണ്?**

• വേണ്ടെന്ന് വച്ചിട്ടില്ലല്ലോ. ഇപ്പോഴും ആഭിമുഖ്യത്തിന് കുറവൊന്നുമില്ല. അവർ വിളിക്കാത്തതുകൊണ്ട് പോകുന്നില്ല. കഴിഞ്ഞ ഇലക്ഷനിൽ ശ്രീധരൻപിള്ള ചെങ്ങന്നൂരിൽ വിളിച്ചിരുന്നു. ഞാൻ പോയി പ്രസംഗിച്ചു. സാധാരണ ഇലക്ഷന് പ്രസംഗത്തിനൊന്നും ഞാൻ പോകാറില്ല. ശ്രീധരൻപിള്ള വിളിച്ചപ്പോൾ ഞാൻ പറഞ്ഞു. നിങ്ങൾ എന്തെങ്കിലുമൊക്കെ സാംസ്ക്കാരിക പരിപാടി സംഘടിപ്പിച്ചാൽ ഞാൻ വരാം. അവർ ഒരു ബുക്ക് റിലീസ് സംഘടിപ്പിച്ചു. ഞാൻ പോയി ഒരു മണിക്കൂർ പ്രസംഗിച്ചു. ശ്രീധരൻപിള്ള പറഞ്ഞു. അതിന്റെ പേരിൽ ഒരു അയ്യായിരം വോട്ട് എക്സ്ട്രാ കിട്ടിയെന്ന്. 1998 കാലഘട്ടം മുതൽ ഒരു ചെറിയ ആഭിമുഖ്യം ബി.ജി.പി.യോടുണ്ട്. നരസിംഹറാവുവിന്റെ കാലഘട്ടത്തിന് ശേഷം ഉണ്ടായ അനിശ്ചിതത്വത്തിന് ശേഷമാണ് ആ ആഭിമുഖ്യം ഉണ്ടായത്. അതിപ്പോഴും തുടരുന്നു. കോൺഗ്രസ് അല്ലാതെ

മറ്റൊരു ദേശീയപാർട്ടി ബി.ജെ.പി. മാത്രമല്ലേയുള്ളൂ. ഇപ്പോൾ വന്നിരിക്കുന്ന ഒരു വ്യത്യാസം എനിക്ക് വയസ് 75 ആയി. അപ്പോൾ നേതൃസ്ഥാനത്തിരിക്കുന്ന രാജൻ ഉൾപ്പെടെ എല്ലാവരും എന്നേക്കാൾ ചെറുപ്പക്കാരാണ്. അവർ എന്നെ അന്വേഷിക്കാറില്ല, ഞാൻ അങ്ങോട്ടും പോകാറുമില്ല.

**? അന്നപോൾ മാഡത്തിന് അർബുദമാണെന്ന് കേട്ടപ്പോൾ ഇനി അർബുദത്തിന് ചികിത്സിക്കുന്നില്ലായെന്ന് തീരുമാനിച്ചതായി പറഞ്ഞുകേട്ടിട്ടുണ്ട്. എന്താണ് കാരണം?**

• അങ്ങനെ തീരുമാനിച്ചിട്ടില്ലായിരുന്നു. എനിക്ക് ഭാവിയിൽ അർബുദം വന്നാൽ ചികിത്സിക്കണ്ടായെന്ന് അന്ന് തീരുമാനിച്ചിരുന്നു. അത് ഞാൻ ഡോക്ടറോട് പറഞ്ഞിരുന്നു. ഒരു പ്രായം കഴിഞ്ഞാൽ പിന്നെ അനാവശ്യ ചികിത്സകൾ നടത്തുന്നതിനോട് എനിക്ക് യോജിപ്പില്ല. കട്ടികൃതാവും കപ്പട മീശയുമൊക്കെയുണ്ടെങ്കിലും എനിക്ക് വേദന സഹിക്കാൻ ബുദ്ധിമുട്ടാണ്. ആ കാര്യത്തിൽ ഞാനൊരു പാവത്താനാണ്. (ചിരിക്കുന്നു). അതുകൊണ്ട് വേദന ഒഴിവാക്കാനുള്ള വല്ല മരുന്നും നൽകിയാൽ മതിയെന്ന് പറഞ്ഞിരുന്നു. അത് എനിക്ക് അർബുദം വന്നാൽ എന്നുള്ള നിലയിലാണ് പറഞ്ഞത്. വൈഫിന്റെ കാര്യത്തിൽ ചികിത്സിച്ചിരുന്നു. അവർ ചെറുപ്പമായിരുന്നല്ലോ. പ്രായം 50 കളിലായിരുന്നു. അതുകൊണ്ട് ചെറുപ്പക്കാർ ചികിത്സയെടുക്കുക തന്നെ വേണം.

**? അങ്ങയുടെ അച്ഛനൊരു വൈദികനായിരുന്നല്ലോ? അദ്ദേഹമാണ് പ്രസംഗം എന്താണെന്ന് താങ്കളെ ബോധ്യപ്പെടുത്തിയത്. ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ അച്ഛനെക്കുറിച്ച് എന്തു തോന്നുന്നു?**

• അച്ഛനില്ലെങ്കിൽ ഞാനില്ല. അച്ഛനാണെന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയത്. അച്ഛനിൽ നിന്നും കിട്ടിയ ഗുണദോഷങ്ങളാണ് എനിക്ക് ഇപ്പോഴും ഉള്ളത്. ഇപ്പോഴും എസ്.എസ്.എൽ. സി. പഠനസഹായി പത്രത്തിൽ വരുന്നത് ഞാൻ വായിക്കാറുണ്ട്. അച്ഛൻ പറഞ്ഞിട്ടുണ്ട് അവസാനം വരെ പഠിച്ചുകൊണ്ടിരിക്കണമെന്ന്. അറിയാതെ നമ്മൾ അത് ഫോളോ ചെയ്യുന്നു. എല്ലാ തിങ്കളാഴ്ചയും 'ഹിന്ദു'വിൽ Know Your English എന്നൊരു കോളമുണ്ട്. ഇപ്പോഴും എടുത്ത് വായിക്കും. ചിലപ്പോൾ പുതിയ വാക്കുകൾ കിട്ടാറുമുണ്ട്. അച്ഛൻ പഠിപ്പിച്ച പ്രധാന കാര്യം... അറിവ് അനന്തമാണ് എന്നുള്ളതാണ്. ആ അറിവാണ് തിരിച്ചറിവ്. തിരിച്ചറിവ് എനിക്ക് ലഭിച്ചത് അച്ഛനിൽ നിന്നാണ്. ഞാനതിപ്പോഴും പാലിക്കുന്നു. അച്ഛന്റെ ഏറ്റവും പ്രിയ ശിഷ്യൻ പി. ഗോവിന്ദപ്പിള്ളയായിരുന്നു. അദ്ദേഹത്തോടും പിന്നെ എന്നോടും അച്ഛൻ പറഞ്ഞ പ്രധാന ഒരു കാര്യം ഇതാണ്. 'ഏത് വിഷയത്തെക്കുറിച്ചും ഒരു പടക്കത്തിനുള്ളതും ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു പൂരം വെടിക്കെട്ടിനുള്ളതും കരുതിയിരിക്കണം. ഇതാണ് വേണ്ടത്.' അതായത് എല്ലാ വിഷയങ്ങളെക്കുറിച്ചും ഒരു സാമാന്യബോധവും ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് അഗാധമായ അറിവും ഉണ്ടായിരിക്കണം. ഇതാണ് അറിവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

**? മലയാളികളെക്കുറിച്ചുള്ള അഭിപ്രായം?**

- മലയാളികൾ അടിസ്ഥാനപരമായി മടിയന്മാരാണ്. അറിവ് സമ്പാദിക്കുവാൻ ഇന്ന് ഒരുപാടു വഴികളുണ്ട്. പക്ഷെ മെനക്കെടാൻ കഴിയില്ല.

**? പുതിയ തലമുറയോടുള്ള ഉപദേശം?**

- ഇത്രയേയുള്ളൂ. അറിവിന്റെ അതിരില്ലായ്മയെക്കുറിച്ചുള്ള അറിവാണ് ശരിയായ അറിവ്. അതാണ് തിരിച്ചറിവ്. അതുകൊണ്ട് അവസാനം വരെ അറിവിനായിട്ട് പരിശ്രമിച്ചുകൊണ്ടിരിക്കുക. അതുപോലെ നമ്മൾ ഈ പ്രപഞ്ചത്തിന്റെ ഭാഗമാണ് എന്നു പറയുന്നതിന്റെയർത്ഥം. പ്രപഞ്ചത്തിന്റെ മറ്റുഭാഗങ്ങളെ നമ്മൾ സ്നേഹിക്കണം എന്നാണ്. അതുകൊണ്ട് മറ്റ് മനുഷ്യരെയും സ്നേഹിക്കണം. ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പ പറഞ്ഞു. "നീ എന്തു ദാനം ചെയ്യുന്നു എന്നത് നിന്റെ കഴിവിനെ ആശ്രയിച്ചല്ല. ദാനം വാങ്ങിക്കുവാൻ നില്ക്കുന്നവന്റെ ആവശ്യത്തെ ആശ്രയിച്ചാണ് അത് നില്ക്കുന്നത്." അതുപോലെ മദർ തെരേസ പറഞ്ഞു. "Give, Give, Give... Until it Hurts." മതങ്ങളെക്കുറിച്ച് മദർ തെരേസ പറഞ്ഞത് ഇങ്ങനെയാണ്. "I love all religions, But I am in love with my religion". അതൊക്കെയാണ് ഇന്നത്തെ ബഹുസ്വരസമൂഹത്തിന് ആവശ്യമായ കാര്യങ്ങൾ.

*************